# FORBEZ @ SANTHOM




# മുഖവുര

വിവരസാങ്കേതികവിദ്യയും ,
അതിനൂതനസങ്കേതങ്ങളും ലോകത്തെ
സാധ്യതയുടെ വിശാലതയാക്കി മാറ്റിയിരിക്കുന്നു. ആ
വിസ്തൃതാകാശത്തിൽ പറന്നുയരുകയാണ് HI - TECH
കുട്ടിപട്ടങ്ങൾ.സെന്റ് തോമസ് ഹയർ സെക്കണ്ടറി
വിദ്യാലയത്തിലെ TECHNOLOGY GROUP ന്റെ
ഉത്തമപരിശ്രമഫലമാണ്

FORBEZ @ SANTHOM

LET THE LITTLE KITES TO FLY
THEN THEY WILL FLY OVER THE HILLS
AND THEY WILL CONQUER THEIR DREAMS

സാദരം സമർപ്പിക്കുന്നു.....



# MESSAGE

In a situation of utter confusion what is the way out ? To find out the way these needs a lot of hard work , these shall be many who have to help for the same .

Wishing you all the best to find out the way to get adequate knowledge for your life time

school manager

Rev.Fr. Benny Muthirakkalayil

# സന്ദേശം

To promote the creative aspects , students of little kites have come up with a "Digital magazine" through which the student expose their technological aspects and digital talents.

The magazine is a milestone that show our growth and give life to our thought in information technology .

I congratulate the little kites team for their hard work and dedication in making their dream come true .I also extend my sincere gratitude and appreciation to all the little kites members who contributed them difference ideas related to nature of magazine

School HM- E K Paulose

# MESSAGE

എന്റെ സ്കൂളിനൊരു ഡിജിറ്റൽ മാഗസിൻ എന്ന ആശയത്തിലൂന്നിയുള്ള ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പ്രവർത്തനഫലമാണല്ലോ "Forbez @ santhom". ഐ.റ്റി യുടെ വിവിധ സങ്കേതങ്ങൾ പരിചയപെടാനും പഠിക്കാനും ലഭിച്ച ഈ അവസരം, ലിറ്റിൽ കൈറ്റ്സിലെ മുഴുവൻ അംഗങ്ങളും നന്നായി പ്രയോജനപ്പെടുത്തി എന്നത് അഭിനന്ദനാർഹമാണ് ജൂലൈയ് ആഗസ്റ്റ് മാസങ്ങളിൽ തുടങ്ങിയ മാഗസിൻ
നിർമ്മാണം സമയബന്ധിതമായി പൂർത്തികരിച്ച എഡിറ്റോറിയൽ ബോർഡിനും , പൂർണ്ണമായി സഹകരിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അഭിനന്ദനങ്ങളും ആശംസകളും നേരുന്നു

കൈറ്റ് മിസ്ട്രസസ്സ്

റെൻസി ജോസഫ് കെ

ഡെയ്സി തോമസ്

# സന്ദേശം....


കുട്ടി പട്ടങ്ങളെ ,

നിങ്ങളുടെ അറിവാണ്
നിങ്ങളുടെ അധ്വാനമാണ്
നിങ്ങളുടെ സമർപ്പണമാണ്
“Forbez @ santhom”

അറിവാകാനും,അറിവേകാനും നിങ്ങളുടെ ഈ പ്രയത്നം ഉപകരിക്കട്ടെ

ആശംസകളോടെ

ജെസ്ന ജോസ് കെ
(SITC)


Write - ups
Stories
Poems
Others

## ഇതളുകൾ വിരിയുമ്പോൾ

LITTLE KITEs.......21
കുട്ടിത്തത്തിലെ സാഹിത്യങ്ങളും മികവുകളും.......9
പഠനങ്ങൾ.......24



# കുട്ടിത്തത്തിലെ സാഹിത്യങ്ങളും മികവുകളും...



# Editorial board

Chief editor ; Abhinav Sabu

Editors ; Joshan Kurian
;Bijoy Babu
;Ajin Devasia
;Fasal Niyaz T.N

# ചരിത്രതാളുകളിലൂടെ.....

**നടവയലിലേയ്ക്ക് തിരുവിതാംകൂറിൽനിന്ന് കുടിയേറ്റം ആരംഭിച്ചത് 1948 മുതലാണ്.1950-ൽ തന്നെ ആദ്യവിദ്യാഭ്യാസ സ്ഥാപനമായ നടവയൽ സെന്റ് തോമസ് ലോവർ എലിമെന്ററി സ്കൂൾ ആരംഭിച്ച .ശ്രീ.വെങ്കിട്ടരാമയ്യർ ആയിരുന്ന ആദ്യ അധ്യാപകൻ. 1952-ൽ 5-ാം ക്ലാസ് ആരംഭിച്ചതോടെ ലോവർ എലിമെന്ററി സ്കൂൾ പൂർണ്ണതയിലെത്തി.**




**1957 ജൂൺ 20-ന് നടവയൽ സെന്റ തോമസ് ഹൈസ്കൂൾ ആരംഭിച്ച . ജോർജ്ജ് ജോസഫ്സാറായിരുന്ന പ്രഥമ പ്രധാന അധ്യാപകൻ . റെഫ. ഫാ. ടിഷ്യാൻ ജോസഫ് CMI**

പ്രഥമ മാനേജരും.വയനാട്ടിലെ നാലാമത്തെ ഹൈസ്കൂൾ.വയനാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കുട്ടികൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി നടവയലിൽ എത്തി. 1958 മുതൽ 1969 വരെ റഫ.ഫാ ജോൺ മണ്ണനാൽ പ്രധാനാധ്യാപകനായി . തുടർന്ന് 15 പ്രധാനാധ്യാപകരും 200-ൽ അധികം അധ്യാപക-അനധ്യാപകരും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ റവ.ഫാ ജോസഫ് മുതിരക്കാലായിൽ മാനേജരും,
ശ്രീ. ഇ.കെ പൗലോസ് ഹെഡ്മാസ്റ്ററുമാണ് .

20 കുട്ടികളും 7 അധ്യാപകരുമായി പ്രവർത്തനമാരംഭിച്ച ഈ സരസ്വതീ ക്ഷേത്രത്തിൽ യുപി, ഹൈസ്കൂൾ വിഭാഗങ്ങളിലായി 953 കുട്ടികൾ പഠിക്കുന്നു. 38 അധ്യാപകരും 5 അനധ്യാപകരും സേവനം അനുഷ്ഠിക്കുന്നു. പതിനായിരത്തിലധികം വിദ്യാർത്ഥികൾ ഇവിടെനിന്നും പഠനം പൂർത്തീകരിച്ചിട്ടുണ്ട്. ജീവിതത്തിൻറെ വിവിധ രംഗങ്ങളിൽ ഇവർ പ്രശോഭിക്കുന്നു.

## സ്വപ്നലോകം

അറിവിന്റെ ജാലകം തുറക്കപ്പെടുന്നു
എൻ മുൻപിലായ് എൻ സ്വപ്നലോകം
ആദ്യാക്ഷരം കുറിക്കവേ മനസ്സിൽ
ആനന്ദമഴയായ് എൻ സ്വപ്നലോകം

കൂട്ടുകൂടാനായ് എത്തുന്നു മിത്രങ്ങൾ
കൂട്ട് തുറന്നുവിട്ട കിളികളെപോൽ
നിറയെ നന്മയും അറിവും പകർന്നു
അദ്ധ്യാപകരുമായ് സല്ലപിക്കാൻ

അറിവിൻ തിരികൾ കത്തിക്കാൻ
വിവേകത്തിൻ നിറങ്ങൾ ചാർത്താൻ
അറിവും

– ഡാനിഷ് ജദീർ –9A

## Bookish...

I am the friend of knowledge

Which is built of many pages

made by the trunk of trees

which are the lungs of earth!!

I am the pot with wisdom

I puzzled all scholars

where their intelligence

compete with a genius mind...

I am the doors to wealth

which rich a man

In spite ; who have book

It is the treasure

to his pleasure.......



– Aloke Shaju 9A

# സ്വപ്നത്തിലൂടെയുള്ള യാത്ര

ചിതറിത്തെറിക്കുന്ന ചിന്തകൾ എപ്പോഴും എൻ ഉള്ളിൽ
വന്നിടുന്നു

ചിന്തകൾ മഴപോലെ തുള്ളി ഇടുന്നു

അതു സ്വപ്നമായി എൻ മനസ്സിൽ വന്നിടുന്നു



ഒരു കഠിന
ആഗ്രഹത്താൽ

അത് എന്നിൽ
നിറഞ്ഞിടുന്നു

ആ സ്വപ്നം എൻ
ആഗ്രഹം

അതു നിറവേറുവാൻ
ഞാൻ പരിശ്രമിച്ചീടുന്നു

ആഞ്ചലോ ബിനു –9A

# യാത്ര

മനസ്സിൽ  നിറയും മോഹങ്ങൾ
മഴവില്ലിൻ അഴകിൽ മിന്നുമ്പോഴും
അതറിയുന്നില്ല അതിനായുസ്സില്ലെന്ന്
ഓരോ മഴവില്ലിന് പിന്നിലും
നിഴലുപോലെ കാർമേഘം
എന്നും എപ്പോഴും പിന്തുടരുന്നു
അവ എന്നിൽ പേമാരിയായി
പെയ്തിറങ്ങുന്നു
ഒഴുകുന്ന ജലകണത്തിൽ
ഞാൻ
എൻ മോഹങ്ങൾ
തിരയുമ്പോൾ
ഞാൻ അറിയുന്നില്ല
അവ എന്നിൽ നിന്നും അകന്നു
എന്ന്
കാണാമറയത്ത് എന്നെയും തേടി
യാത്ര തുടങ്ങിയെന്ന്
എൻ മോഹങ്ങൾ യാത്ര
തുടരുകയാണെന്നറിയാതെ




Rithuvarna k s  – 9B

# ദൈവനാട്

ദൈവത്തിന്റെ സ്വന്തം നാടെ -
ന്നറിയപ്പെട്ടും കേരളമേ
കേരളത്തിന് പ്രശ്നംവന്നാൽ
എല്ലാവരും ഒരുമിക്കും
കേരളത്തിൻ തകർച്ചകൾ
ഉയർച്ചകളായ് തീർന്നിട്ടും
ദൈവത്തിന്റെ കടാക്ഷമുള്ള
ദൈവത്തിന്റെ സ്വന്തം നാട്
നവകേരളത്തിൻ പ്രളയക്കെടുതി
കൂട്ടതലായ് വന്നപ്പോൾ
കേരള ജനത ഒരുമയോടെ
പ്രളയക്കെടുതി തടഞ്ഞിരുന്നു
ദൈവത്തിന്റെ സ്വന്തം നാടെ -
ന്നറിയപ്പെട്ടും കേരളത്തെ
നശിപ്പിക്കാൻ
ഒരുശക്തിക്കും കഴിയില്ല

-വിജയ്റോഷൻ റോയ് 7 A

# മാറുന്ന പ്രകൃതി



തെളിവെള്ളം നിറഞ്ഞ ജലാശയങ്ങൾ, ഫലങ്ങൾ നിറഞ്ഞ വൃക്ഷങ്ങൾ, പച്ചപ്പ് പുതച്ചപാഠങ്ങൾ, മനോഹരമായ പൂക്കൾ വിരിഞ്ഞുനിൽക്കുന്ന പലതരം ചെടികൾ, ആകാശവുമായി അഭിമുഖം നടത്തുന്ന മലനിരകൾ. ഇങ്ങനെ പ്രകൃതി മനോഹരി ആയിരിക്കുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. പക്ഷേ ഇന്ന് നമുക്ക് ജീവിച്ചത് മതി എന്ന് തോന്നുകയാണ്. കുന്നുകളെല്ലാം ഇടിച്ചു നിരത്തുകയാണ്. മണൽവാരി പുഴകൾ കീറുകയാണ്. വിവരശേഖരങ്ങൾ ആയ ചതുപ്പുനിലങ്ങൾ മണ്ണിട്ട് മൂടുകയാണ്. നെൽവയലുകളിൽ കോൺക്രീറ്റ് കാടുകൾ ഉയർന്നിരിക്കുന്നു. ഇങ്ങനെയെല്ലാം പ്രകൃതിയെ ചൂഷണം ചെയ്തു പണമുണ്ടാക്കുന്നു. അതോടെ നമ്മുടെ മനോഹാരിത നഷ്ടമായി. .

ഡെറിൻ സജി – 9A

# പ്രളയം

കോപത്താൽ ജ്വലിച്ചുനിന്നവൾ
പെട്ടന്ന് യക്ഷിയായ് മാറ്റപ്പെട്ടതും
മനുഷ്യചോരക്കായി ദാഹം പൂണ്ടിട്ടവൾ
അങ്ങുമിങ്ങും ചുറ്റിയലഞ്ഞ് തേടിപ്പിടിച്ച്
മനുഷ്യച്ചുടുചോരതൻ ഗന്ധത്തിൽ
കിടന്നുലയിച്ചുമയങ്ങി ആനന്ദിച്ചവൾ



മരങ്ങൾ തൻ കിലുകിലശബ്ദത്തിന്
മരണ–
ത്തിൻ മണമുണ്ടെന്ന് തിരച്ചറിഞ്ഞോ
നാം
ഇളം മന്ദ മാരുതന് മരണത്തിൻ
ദാഹമുണ്ടെന്ന് മനസിലാക്കിയോ നാം

എല്ലാം കഴിഞ്ഞു

എവിടെയും  ദുർഗന്ധം വമിക്കുന്നു
ദുഃഖത്തിൻ ഓളങ്ങൾ അലയടിക്കുന്നു
സുഖങ്ങളെല്ലാം കടലിൽ ഒഴുക്കികളഞ്ഞിട്ടവൾ
കയ്പിൻ പാഠം നുണഞ്ഞുതന്നേ
ഇനിയെങ്കിലും മനസിലാക്കുക
നാം നീജജന്തുക്കള്
ഭൂമിദേവിയെ, പെറ്റമ്മയെ,
  സംരക്ഷിക്കുക.

ഏദിക വിൻസെന്റ് – 9A

# LITTLE KITEs

സമ്പൂർണ സമഗ്ര വിദ്യാഭ്യാസത്തിൻറെ ഭാഗമായി 2017 ഓഗസ്റ്റിൽ സ്ഥാപിതമായ LITTLE KITES 2018 മാർച്ച് മാസം ഞങ്ങളുടെ സ്കൂളിൽ പ്രവർത്തനമാരംഭിച്ചു .മാർച്ച് ഒന്നാം തീയതി ചേരാൻ ആഗ്രഹമുള്ള വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്വീകരിച്ചു. 34 വിദ്യാർത്ഥികൾ താത്പര്യം പ്രകടിപ്പിച്ചു കൊണ്ട് അപേക്ഷ നൽകി. പിന്നീട് മാർച്ച് മൂന്നാം തീയതി അഭിരുചി പരീക്ഷ നടത്തി. അതിൽ 31 വിദ്യാർത്ഥികളും അഭിരുചി പരീക്ഷയിൽ വിജയിച്ചു. ജൂൺ 28 ന് ഔദ്യോഗികമായ ഉദ്ഘാടനം ശ്രീ  ഹംസ കടവൻ നിർവഹിച്ചു. ഞങ്ങളുടെ മാനേജർ ഫാദർ ബെന്നി മുതിരക്കാലായിൽ അധ്യക്ഷസ്ഥാനത്ത് ഇരുന്നപ്പോൾ



ഞങ്ങളുടെ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും ജില്ല വി ജെ തോമസ് സാർ അവതരിപ്പിച്ചു. ജൂലൈ രണ്ടിന് പുതിയ 9 വിദ്യാർഥികളെ കൂടി അഭിരുചി പരീക്ഷയിലൂടെ തിരഞ്ഞെടുത്ത് കുട്ടിപട്ടങ്ങൾ പൂർണതയിലെത്തി. ഷാജി സാറിനെ നേതൃത്വത്തിൽ ONE DAY TRAINING ഓട്ടുകൂടി പ്രവർത്തനസജ്ജമായി. അന്നുതന്നെ കുട്ടികളിലെ UNIT LEADER- JOSHAN KURIAN , DEPUTY LEADER – BIJOY BABU , GIRLS LEADER – SALEENA SUNNY തെരഞ്ഞെടുത്തു. എല്ലാ ആഴ്ചയിലും ബുധനാഴ്ച വൈകുന്നേരം ഒരുമണിക്കൂർ ക്ലാസ്സ് നടത്തിവരുന്നു. അവധിദിനങ്ങളിൽ പ്രത്യേക ട്രയിനിങ്ങുകൾ നടത്തിവരുന്നു. ANIMATION MODULE ലൂടെ TU-PI 2D യും ,GIMP ഉം ,INKSKAPE ഉം ,OPEN SHOT VIDEO EDITOR ഉം പരിചയപ്പെട്ടപ്പോൾ ML COMPUTING LIBRA OFFICE WRITER നെയും, CHROME നെയും പരിചയപ്പെടുന്നതിനു വാതായനങ്ങൾ തുറന്നിട്ടു . PROGRAMMING SCRATCH 2 എന്ന software ന്റെ അനന്തസാദ്ധ്യതയുടടെ കലവറ തുറന്നപ്പോൾ MIT APP INVENTOR എന്ന software ലൂടെ പറന്നുനടന്നു കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള അനന്തസാദ്ധ്യതകൾക്ക് അടുത്ത module - MOBILE APP വഴിയൊരുക്കി. ANIMATION , ML COMPUTING & INTERNET , PROGRAMMING , MOBILE APP എന്നീ module കൾ കഴിഞ്ഞ കുട്ടിപട്ടങ്ങൾ PYTHON എന്ന module ൽ പറന്നുകൊണ്ടിരിക്കുന്നു.

**ലിറ്റിൽ കൈറ്റ്സ് ക്ലാസ്സുകൾ വളരെ പ്രയോജനകരമാണ്. കൈറ്റ് മിസ്ട്രസ്സിന്റെ നേതൃത്വത്തിൽ ഞങ്ങൾ വളരെയേറെ കാര്യങ്ങൾ പഠിച്ചു. ഐടി രംഗത്ത് എങ്ങനെ പ്രശോഭിക്കണം എന്ന് ലിറ്റിൽ കൈറ്റ്സ് എന്നും ഞങ്ങളെ പഠിപ്പിക്കുന്നു.**



# പഠനങ്ങൾ....



# ഒരു സമരം.....

പുഴകൾ സമരത്തിലാണ്
എന്തിനെന്നോ???
പുഴകൾ തന്നെ പറയും;
"ഞങ്ങളുടെ ശുദ്ധജലം
കടൽ
ഉപ്പുചേർത്ത് മലിനമാക്കുന്നു
ഞങ്ങളുടെ ഈ ജലം
എല്ലാവർക്കും
നിലനിൽപ്പിനുള്ളതല്ലേ???
അതു മലിനമാക്കാൻ
കടലിനെന്തവകാശം"???
അതുകേട്ട് കടൽ പറഞ്ഞു;
"സമരം മതിയാക്കു
എന്നിലെ ഉപ്പ് എടുത്തുകളയാൻ
ആർക്കാണ് സാധിക്കുക"???
അതതിനുണ്ട് പുഴകൾക്ക്
വ്യക്തമായ മറുപടി;
"ആ ഉപ്പ് നിൻേറതാണ്
അത് കളയേണ്ടത്
നീയാണ്  കടലേ ഞങ്ങളല്ല"
കടൽ പറഞ്ഞു ;
"എങ്കിലിനി നിങ്ങളെനിക്കു
ജലം തരേണ്ട
അത്  നിങ്ങൾതന്നെയെടുത്തോളൂ"
പുഴകൾ തോൽക്കാറായി
അവ പറഞ്ഞു;
"വൻപ്രളയമുണ്ടാകും
മനുഷ്യരും മൃഗങ്ങളും
ഞങ്ങൾതന്നെയും നാമാവശേഷമാകും"
കടൽ പറഞ്ഞു;
"അല്ലാതെ വേറെ വഴിയില്ല..."

# ദുരന്തഭൂമി


വന്നല്ലോ ഈ നാട്ടിൽ വൻദുരന്തം
പ്രളയക്കെടുതിയായി ഈ ഭൂമിയിൽ
മാനുഷർ ചെയ്തൊരു പാപമാണോ ?
അതോ ദൈവഗണത്തിൻ കോപമാണോ ?
പ്രളയം കരകളെ തുടച്ചുനീക്കി
ഓരോരോ ജീവനും പോയ്മറഞ്ഞു
ഈ ദുരിതത്തിൽ നിന്നൊന്നു മുക്തി
നേടാൻ
തേടുന്ന ആശ്രയം നൽകിടുവാൻ
കുന്നുകളിടിച്ചു നികത്തിടുമ്പോൾ
മരങ്ങൾ മുറിച്ചു കളഞ്ഞിടുമ്പോൾ
ഭൂമിതൻ നെഞ്ചിൽ താളം തുള്ളി
ഒഴുകും പുഴകൾ നശിപ്പിക്കുമ്പോൾ
പാപങ്ങൾ ചെയ്യുമ്പോൾ
ഓർത്തില്ലല്ലോ
നമ്മൾ , പ്രകൃതി തിരിച്ചടി
നൽകുമെന്ന്
പാപങ്ങൾ ചെയ്യുന്നതിനിയെങ്കിലും
ആവർത്തിച്ചീടരുതൊരു കാലത്തും
നന്മ നിറഞ്ഞവരുണ്ട് ചിലർ
ഓരോ സഹായങ്ങൾ ചെയ്തിടുവാൻ
കാറ്റായി മഴയായി എത്തിയല്ലോ
പ്രകൃതിക്ഷോഭത്തിൻ കഷ്ടകാലം
ദുഷ്ചിന്ത മാറ്റി നാം നല്ലവരാകുവാൻ
പ്രളയമായ് വന്നല്ലോ വൻദുരന്തം
പാവങ്ങളില്ല പണക്കാരുമില്ല
എല്ലാരുമൊന്നായ് കഴിഞ്ഞീടുവൻ
ഇനിയെങ്കിലും നമ്മളോർത്തീടണേ
മാനുഷരെല്ലാരും ഒന്നാണെന്ന്




ആര്യ ശശി 8 B

# Plastic a disaster

Products made from plastic are a part of every day life. We pour milk for our morning cereal out of a plastic bottle, drive to work in our cars with plastic components, and write reports on our computers using plastic keyboards. Plastics of any kind make our lives easier, and seemingly better. However, our love affair with plastic is not sustainable. I have seen the damage that plastic and its by-products are doing to our earth, and the imbalance our dependence on this product ics creating in the environment. We are all decent,



educated people, and have the technology to research and produce ecologically sound alternatives to plastic. This is why we must urge industries all over the world to find alternatives to plastic when manufacturing their products, in order to reduce the usage of toxic petrochemicals, decrease the size of our landfills, and lessen the threat to our wildlife.

**ജോഷൻ കുര്യൻ - 9B**

# ഛരായങ്ങളുടെ മിത്രം

വരച്ചൊപ്പിക്കും വരകൾക്കു മേൽ
അരിച്ചിറങ്ങിയ വർണ്ണങ്ങൾ
തിടുക്കമെന്തേ വരവാൻ
എന്നാരാഞ്ഞുകൊണ്ട് നിയന്ത്രകൻ വന്നിടുമ്പോൾ
വരയോടൊന്നാകാൻ അതിലലിയാൻ
വെമ്പുന്ന ഹൃദയം നിയന്ത്രണത്തിന്നതിരിലായ്
മുഖം ചുളുക്കിയൊന്നിരുന്നാലും
ചിരിച്ചുകൊണ്ടവൾ നിയന്ത്രകൻ കയ്യി-
ലമർന്നു വരയോട് ചേർന്നിടുന്നു
കാണികൾ സന്തോഷഭരിതരായാലും
വർണ്ണവും കാൻവാസും കരഞ്ഞിടുന്നു
തൻമുന്നിലവൻ പുഞ്ചിരി തൂകി നിന്നിരുന്നെന്നാലും
നിയന്ത്രകൻ എന്നുമാ നിയന്ത്രകൻ തന്നെ
ഒരമ്മതൻ വേദനയെ കാൻവാസിൽ
പകർത്താനാവുമോ എന്നവൻ അറിയേണ്ടിയിരിക്കുന്നു
വേദന വേദനയായും ജീവിതം ജീവിതമായും
പകർത്താനായവൻ ഇന്നുമാ നിയന്ത്രകനല്ല
ഛരായങ്ങളുടെ മിത്രമാകുന്നു


ആഷ്മിൻ കെ. ജോയ് 9 B


## *ഇരുളിനെ തൊട്ട നിമിഷം*


ഇരുട്ടു പെയ്യുന്ന ആ രാത്രി മഴയിൽ
എന്നെ ഉണർത്തിയ തെന്നലേ,നി എവിടെ?
നിലാവു പൊഴിയുന്ന ആ മധുര രാത്രിയിൽ
ഉദിച്ച താരകമേ ആരാണു നീ?
എന്റെ കണ്ണുകളിലൂടെ എന്നെ സ്പർശിച്ച
നിൻ കുളിരെവിടെ മറഞ്ഞു?
നിൻ  പുഞ്ചിരിയിലൂടെ ഒഴുകുന്ന പൂക്കളാൽ
നിറഞ്ഞ അരുവിയേ, നിൻ പേരെന്ത്?
തണുപ്പിന്റെ ഇളം തെന്നലിലൂടെ
പാടുന്ന കുയിലേ, നിൻ പാട്ടേത്?
പ്രകൃതി തൻ പുഴയിലൂടെ നീന്തിത്തുടിക്കുന്ന
മത്സ്യമേ നിൻ നിറമെന്ത്?
ദൈവത്തിൻ കൈയ്യിൽനിന്നുതിർന്ന
പ്രകൃതിയേ നിൻ ആശയെന്ത്???...


അഭിനവ് സാബു – 9A

# മഹത് വചനങ്ങളിലൂടെ...




The greatest enemy of knowledge is not ignorance, it is the illusion of knowledge.
Stephen Hawking


"I walk slowly, but I **never** walk backward."
~Abraham Lincoln
For More Amazing Pictures Visit www.mixpixx.com

# മഹത് വചനങ്ങൾ – വിദ്യാഭ്യാസം

**ഒരു ശിശുവിന്റെ ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം**
**– ഗാന്ധിജി**
**ഏതു തരം വിദ്യാഭ്യാസത്തിനും ഒരു ലക്ഷ്യം ഉണ്ടാവണം കാരണം വിദ്യാഭ്യാസം ഒരിക്കലും ലക്ഷ്യമല്ല മാർഗ്ഗമാണ് – സിബിൽ മാർഷൽ**
**ശിശുവിനെ മാന്യനാക്കാനല്ല , മനുഷ്യനാക്കാനാണ് വിദ്യാഭ്യാസം നൽകേണ്ടത് – സ്പെൻസർ**
**വിദ്യാർഥിയെ മനസ്സിലാക്കുന്നതിലാണ് വിദ്യാഭ്യാസത്തിന്റെ രഹസ്യം – എമേർസൺ**
**വിദ്യാഭ്യാസത്തിന്റെ കാതൽ ചിന്തയത്രേ – ഗാന്ധിജി**

**ജോഷൻ കുര്യൻ – 9C**

# മികവുകൾ

Sepak takraw – national player



Muhammed Ameen K



ചവിട്ടി നിർമ്മാണത്തിൽ

തുടർച്ചയായി 5 വർഷം

സംസ്ഥാനത്ത് A grade

Jaise Sinoj

State social science fair
elocution - A grade
State kalolsavam elocution – A grade



Irin Mary Saji



സംസ്ഥാന ഐടി മേള multimedia presentation - 3ാം സ്ഥാനം

Bijoy Babu

സംസ്ഥാന ഐടി മേള malayalam typing – 3ാം സ്ഥാനം



Noyal Benny



Sepak takraw – national player

Delna K Saji



വിദ്യാരംഗം

സാഹിത്യോത്സവം - state participation

Adheena Rose Thomas

Sepak takraw – state player




Dion K Saji



സംസ്ഥാന ഹൈജംപ് താരം

Agna K V

# അതിമധുരം



തൊടിയിലുള്ള മാവിൽനിന്ന്
മാമ്പഴം പറിക്കാൻ കൊതിപ്പൂ ഞാൻ
അമ്മതൻ മിഴികളെത്താത്ത
നിമിഷത്തിനായികാത്തിരിപ്പൂ ഞാൻ

ആത്മാവിൻ ചാരത്തായിനിന്നു ഞാൻ
മാത്രസ്നേഹത്തേക്കാൾ രുചിയേറുന്നത്
കൊതിപ്പൂ ഞാൻ അത്
ഹൃദയമൊന്ന് തുറക്കാൻ

കൊതിപ്പൂ ഞാൻ
ചൊൽവൂ ഞാൻ സോദരൻ തന്നോട്
സോദരനെന്നെ ശകാരിപ്പാതിരിപ്പില്ല
വാങ്ങാം വയറുനിറയെ ശകാരങ്ങൾ

ആരോ എന്നോടു ചൊല്ലീടുന്നു
അമ്മതൻ സ്നേഹം യഥാർത്ഥസ്നേഹം
രുചിക്കു അതെന്നും സ്ഥിരമായും
അമ്മിഞ്ഞപ്പാലിൻ രുചിയതിന്



ജിസ്മേരി ജിൽസൺ – 8B

# വാനമ്പാടി

ഒരിക്കലൊരു വാനമ്പാടി ഗോതമ്പു വയലിന് അടുത്തുള്ള ചെടിയിൽ കൂട്ടുകെട്ടി മുട്ടയിട്ട് അടയിരുന്ന് കുഞ്ഞുങ്ങൾ വിരിഞ്ഞ് പുറത്തിറങ്ങിയ കഴിഞ്ഞപ്പോൾ വാനമ്പാടി തീറ്റ തേടി പുറപ്പെട്ടു. അവൾ കുഞ്ഞുങ്ങളോട് പറഞ്ഞു വയലിൽ കൊയ്ത്തു തുടങ്ങി കൊയ്ത്തുകാർ വന്നാൽ നിങ്ങളെ ഉപദ്രവിക്കും ആരെങ്കിലും എന്തെങ്കിലും പറഞ്ഞു കേട്ട് ഞാൻ വൈകിട്ട് വരുമ്പോൾ എന്നെ അറിയിക്കണം കേട്ടോ. ഇത്



പറഞ്ഞു വാനമ്പാടി പറന്നു പോയി കുറച്ചു കഴിഞ്ഞപ്പോൾ വയലിന്റെ ഉടമയും മകനും കൂടി അവിടെ വന്നു. ഗോതമ്പു വിളഞ്ഞിട്ടുണ്ട് അയൽപക്കക്കാരും ഒക്കെ കൂട്ടി ഇത് കൊയ്തെടുക്കാം. വന്നപ്പോൾ കുഞ്ഞുങ്ങളെല്ലാം ഇക്കാര്യം പറഞ്ഞു. അമ്മയെ കൊയ്ത്തുകാർ നാളെ തന്നെ വരും അതിനാൽ ഇന്നു തന്നെ നമുക്ക് പോകാം. അമ്മ അവരെ സമാധാനിപ്പിക്കുകയും ചെയ്തു. അയൽക്കാരെ ആശ്രയിച്ചാണ് അവരുടെ കൊയ്ത്ത് എങ്കിൽ അത് നടക്കില്ല. നിങ്ങൾ പേടിക്കാതിരിക്കു, അടുത്ത ദിവസവും അമ്മ പറന്നു പോയി. അന്നും വയലിന്റെ ഉടമ വന്നു. അയൽക്കാരുടെ കാത്തിരുന്നിട്ട് കാര്യമില്ല നമുക്ക് ബന്ധുക്കളെ വിളിച്ചുകൊണ്ടുവന്ന് കതിരുകൾ പറിക്കാം. അതുകേട്ട് പേടിച്ചരണ്ട വാനമ്പാടി കുഞ്ഞുങ്ങൾ അമ്മ തിരിച്ചുവന്നപ്പോൾ കാര്യം പറഞ്ഞു. മക്കളെ സമാധാനിപ്പിക്കുകയാണ് ചെയ്തത്. പേടിക്കേണ്ട, ബന്ധുക്കൾക്ക് സ്വയം വയലുകൾ കൊയ്യാൻ കാണും നാളെയും കൊയ്ത്ത് നടക്കാൻ പോകുന്നില്ല. പിറ്റേന്ന് കളകൾ കൊയ്യാൻ പോയിക്കഴിഞ്ഞ് വയലിന് ഉടമ വന്നു ഗോതമ്പുമണികൾ ഉണങ്ങിയത് കണ്ട് അയാൾക്ക് ദേഷ്യം ആയി. ബന്ധുക്കളെ കാത്തിരുന്നിട്ട് കാര്യമില്ല കൊയ്ത്തു പണിക്കാരെ വിളിച്ച്



കൊയ്ത്തുതുടങ്ങാം വൈകുന്നേരം അമ്മക്കിളി ഇരപിടിക്കലും കഴിഞ്ഞ് തിരിച്ചെത്തിയപ്പോൾ കുഞ്ഞുങ്ങൾ രാവിലെ കൊയ്ത്തുകാർ പറഞ്ഞതു അമ്മയോട് പറഞ്ഞു. അങ്ങനെയാണെങ്കിൽ നാളെ തന്നെ നമുക്കും കൂടുകൂട്ടാൻ മറ്റൊരിടം തേടിപ്പോകാം. അങ്ങനെ അവർ അവിടെനിന്ന് പോയി.

അജിൻ ദേവസ്യ – 9A

# ജാതി സമ്പ്രദായം

തൊഴിലിൻെറ അടിസ്ഥാനത്തിൽ ജാതി നിർണയിക്കുന്ന സമ്പ്രദായം കേരളത്തിൽ നിലനിന്നിരുന്നു. ഈ സമ്പ്രദായം പലതരത്തിലുള്ള അടിച്ചമർത്തലുകൾക്കും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും മൂലകാരണമായി. താഴ്ന്ന ജോലിയുമായി ബന്ധപ്പെട്ടവർ താഴ്ന്ന ജാതിക്കാരായി മാറി. ഉന്നത ജോലിക്കാർ ഉന്നതരും. താഴ്ന്ന ജാതിക്കാർക്ക് പൊതുവേദികളിൽ പങ്കെടുക്കാനോ പ്രവേശിക്കാനോ സാധിക്കുമായിരുന്നില്ല. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും എല്ലാം ക




അങ്ങനെയാണ് തല പൊക്കി തുടങ്ങിയത്. അത് വളർന്ന് വലിയ അന്ധവിശ്വാസമായി മാറുകയും ചെയ്തു.ഈ അവസരത്തിൽ ശ്രീനാരായണഗുരുവിനെ പോലെയുള്ള സാമൂഹ്യപ്രവർത്തകർ ഈ അനാചാരങ്ങൾക്കെതിരെ ശബ്ദമുയർത്തി. അവരുടെ പരിശ്രമഫലമായി ജാതി സംബന്ധമായ ഉച്ചനീചത്വങ്ങൾ ഒരുപരിധിവരെ ഇല്ലാതാക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. ജാതി സമ്പ്രദായം സമൂഹത്തിൻറെ വളർച്ചയെ തടസ്സപ്പെടുത്തുന്ന ഒരു ശാപമാണ് എന്ന് ഇന്ന് എല്ലാവരും തിരിച്ചറിഞ്ഞിട്ടുണ്ട്.

അന്നു ജോസഫ് – 9A

# *പൂവനിട്ട മുട്ട*

*പൂവനിട്ട മുട്ട പൊട്ടി*
പൂച്ചക്കുഞ്ഞ് ചാടി
പൂച്ച ചാടി കൊമ്പിൽക്കേറി
പാട്ടുറക്കെ പാടി

പാട്ടുക്കേട്ട കാട്ടുമൂപ്പൻ
ചോട്ടിലോടിയെത്തി
കാട്ടുമരംകൊമ്പതാഴ്ത്തി
മൂപ്പനെക്കയറ്റി

പാട്ടുപാട്ടും പൂച്ചഞെട്ടി
പൂവൻ കോഴിയായി
കാട്ടുമര
കൊമ്പുവിട്ടു *വീട്ടിലോടിയെ*
*ത്തി*



നിർമൽ ബെന്നി – 5 A

# ജീവിതം

ജീവിതം അവസരമാണ്; അത് ഉപയോഗിക്കുക
ജീവിതം സൗന്ദര്യമാണ് ;അത് ആസ്വദിക്കുക
ജീവിതം സ്വപ്നമാണ് ;അത് സഫലമാക്കുക
ജീവിതം വെല്ലുവിളിയാണ് ;അതിനെ നേരിടുക
ജീവിതം കർത്തവ്യമാണ് ;അത് നിർവഹിക്കുക
ജീവിതം അമൂല്യമാണ് ;അത് ശ്രദ്ധിച്ച് ഉപയോഗിക്കുക
ജീവിതം മഹാ രഹസ്യമാണ്; അത് മനസ്സിലാക്കുക
ജീവിതം വാഗ്ദാനമാണ് ;അത് നിറവേറ്റുക
ജീവിതം ദുഃഖമാണ്; അത് അതിജീവിക്കുക
ജീവിതം ഗാനമാണ്; അത് നന്നായി ആലപിക്കുക
ജീവിതം ദുരന്തമാണ്; അത് നേരിടുക
ജീവിതം സാഹസമാണ് ;അഭിമുഖീകരിക്കുക
ജീവിതം ഭാഗ്യമാണ് ;അത് സ്വന്തമാക്കുക
ജീവിതം അനർഘമാണ്; നശിപ്പിക്കാതിരിക്കുക
ജീവിതം ജീവനാണ്; അത് സംരക്ഷിക്കുക
ജീവിതത്തിൽ സന്തോഷം download ചെയ്യുക
ദുഖം delete ചെയ്യുക സ്നേഹം sent ചെയ്യുക
വെറുപ്പ് silent ലാക്കുക നന്മ incoming ആക്കുക
തിന്മ outgoing ആക്കുക സഹായം forward ചെയ്യുക
പിറുപിറുപ്പ് switch off ആക്കുക
സാഹോദര്യം receive ചെയ്യുക അസൂയയോട് busy എന്നു പറയുക
ഇനി ജീവിതത്തിൻറെ ringtone ഒന്നു കേട്ടുനോക്കൂ
എന്തു രസമാണ്.....

ബിജോയി ബാബു - 9A

# IF YOU LIKE

If you like to think
Think about call
If you like to help
Help the needy
If you like to love
Love the eternal
If you like to evade
Evade your jealousy
If you like to laugh
Laugh at the foolishness
If you like to practice
Practice truth and honesty
If you like to enrich
Enrich your knowledge
If you like to elevate
Elevate your talent
If you like to build
Build our character
If you like to increase
Increase your confidence
If you like to die
Die for your friend



Fasal niyas - 9A

# നഷ്ടസ്വപ്നങ്ങൾ

ജന്മനാടിനെ കുറിച്ച് മധുരിക്കുന്ന ഓർമകളുമായാണ് ദുബായിലെ വൻ വ്യവസായിയായ മോഹൻകുമാർ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ വന്നിറങ്ങിയത്. "എവിടേക്കാണ് പോകേണ്ടത്?" ടാക്സിക്കാരൻ ചോദ്യമാണ് മോഹൻകുമാറിനെ ഓർമ്മകളിൽ നിന്നും ഉണർത്തിയത് ആ മറുപടിയിൽ ഒരു രാജ്യം കീഴടക്കി രാജാവിൻറെ ഭാവമുണ്ടായിരുന്നു .മോഹൻകുമാർ എന്ന കമ്പനി മേധാവിയുടെ കുപ്പായമൂരി മോഹനൻ കുട്ടി എന്ന തനി നാട്ടിൻപുറത്തുകാരനായ നീണ്ട 15 വർഷത്തെ ഇടവേളയ്ക്ക് ശേഷം അദ്ദേഹത്തിൻ്റെ ഈ യാത്ര. നീണ്ടുകിടക്കുന്ന പാടങ്ങളും പുഴയും തറവാട്ടു കുളവുമെല്ലാം അവൻറെ ബാല്യകാലസ്മരണകൾ നിറഞ്ഞുനിന്നു ."സ്ഥലമെത്തി" ടാക്സിക്കാരനെ ശബ്ദം വീണ്ടും മോഹൻകുമാറിനെ ചിന്തകളിൽ നിന്നുണർത്തി. കാറിൽനിന്ന് പുറത്തിറങ്ങിയ മോഹൻകുമാറിന് തൻറെ കണ്ണുകളെ വിശ്വസിക്കാനായില്ല. പാടങ്ങളും തോട്ടങ്ങളും എവിടെ? . മുന്നിൽകണ്ട ഒരു കൂട്ടം ഫാക്ടറികളിൽ നിന്നുയരുന്ന പുകപടലങ്ങൾ തന്നെ നോക്കി പരിഹസിക്കുന്നതായി മോഹൻകുമാറിന് തോന്നി..



അതുൽ അഗസ്റ്റിൻ - 9C



# കാത്തിരിപ്പ്

ഭൂമിതൻ മടിത്തട്ടിൽ
വിശ്രമം കൊള്ളുകയാണ് എൻ കുഞ്ഞു പെങ്ങൾ
ചിത്തം വിതുമ്പുന്ന പഴയ കാലത്തിനായി.....
രാത്രി യാമങ്ങളിൽ പേടിച്ച പൈതലെപ്പോൽ
വിതുമ്പുന്ന എൻ കുഞ്ഞു പെങ്ങൾ
ബാല്യകാലങ്ങൾ തൻ ഓർമ്മകൾ
മായ്ക്കുവാൻ ആവില്ലെങ്കിലും
ഓർക്കാതിരിക്കാൻ ആയി
പണി പെട്ടുകയാൻെറ ചിത്തം
ബാല്യത്തിൽ കിനാവിൽ നാമിരുവരും
സ്നേഹം കൊടുക്കാൻ മറന്നതെന്തേ???
അന്നു ഞാൻ നിന്നിൽ കണ്ടൊരാ പുഞ്ചിരി
എങ്ങനെ എന്തേ മറന്നുപോയി
പറയുവാൻ ഒരുപാട് ബാക്കിയാക്കി
കത്തിച്ചുവെച്ച നിലവിളക്കിൻ ചാരേ
വിശ്രമം കൊണ്ടത് എന്തിനാണ്???
പൂവിതളുകൾ പൊഴിഞ്ഞിടുംപോൽ
നീയൊത്തുണ്ടായിരുന്ന നിമിഷങ്ങൾ
ഓർക്കുകയാണ് ഞാൻ

ഓടികളിച്ചൊരീ വീടിനുള്ളിൽ
നിൻെറ വെളിച്ചം അണഞ്ഞു പോയി
മാവിൻ ചുവട്ടിൽ കളിക്കുവാൻ ആയി
അമ്മയുടെയും അച്ഛനെയും കുഞ്ഞുമോൾ ആയി
തിരികെ വരുമോ
സാന്ത്വനമായി....

ആഷ്മിൻ കേ ജോയി - 9B

# പ്രകൃതിയുടെ കണ്ണീർ

FORBEZ @ SANTHOM

പ്രളയം കേരളം വിറങ്ങലിച്ച പ്രളയം
ഞെരുക്കി രക്തമൂറ്റുന്ന പ്രളയം
കലിപൂണ്ട മഴയിൽ ഒഴുകിടുന്ന ജീവിതങ്ങൾ
ഭയം വിതച്ച് ഒലിച്ച് പോകുന്നു

ജഡമായി മനുജനിന്ന് ജലത്തിൽ
ഒളിച്ചിടുന്ന നേരം എത്തി.....
പ്രളയം കടന്നുകൂടി കേരളം നടുങ്ങിടുന്നു
ചുറ്റും ജലത്താൽ നിറഞ്ഞിരുന്നു

പ്രളയം കേരളത്തിൽ നിറുകയിൽ
നിന്നിതാ താണ്ഡവമാടുന്നു
കേരളം പകച്ചുനിന്നു
പ്രണയം തകർത്തു നിന്നു



കോപത്താൽ ജ്വലിക്കുന്ന കാലവർഷം
കേരളത്തെ മുൾമുനയിൽ നിർത്തി
കാലവർഷമേ കാലൻ ആകരുത്
നാമിതാ നിലയ്ക്കുന്നു

കേരളത്തിൻ അടിത്തറയിളക്കി
വിണ്ടുകീറുന്നു അലറുന്ന ഭൂമി
ബാക്കിവെച്ചതെന്തോ
ഒന്നും അവശേഷിക്കുന്നില്ല
ഇനി ബാക്കിയായി ഈ ജീവിതം എന്തിന്

ഈ കേരളമണ്ണിൽ കുത്തിയൊലിക്കുന്ന
ജലത്തിൽ നാമും ഇനി എഴുതും
എന്നെന്നേയ്ക്കുമായി

അഥീന റോസ് തോമസ് - 9A

# ജീവിത സൗന്ദര്യം

ജിവിതം ഒരു രഹസ്യമാണ്.......
അറിവും ആശയങ്ങളും അനുഭവങ്ങളും
ആശകളും ആഗ്രഹങ്ങളും ഇഴപിരിഞ്ഞ് കിടക്കുന്നു....
പ്രണയനും ലഹരിയും വിപ്ലവവും സാഹസികതയും
മച്ചാനും അളിയനും ചങ്കും ഒക്കെ വാഴുന്ന ഇടം......
നീ അറിയാതെ നിനക്ക് നിന്നെ നഷ്ടപ്പെടുന്ന ഇടം.....
അവിടെ സ്വാതന്ത്ര്യത്തിനുവേണ്ടി
അടിമത്തം വിലയ്ക്കു വാങ്ങുന്നു
പ്രണയത്തിന്റെ കുളിർമ്മക്കായി
വൈര്യാഗ്യത്തിന്റെ ജ്വാലയിൽ എരിഞ്ഞമരുന്നു......
തീരുമാനങ്ങളിൽ സംഘർഷം നിറയുന്നു.....
ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠയാൽ നീറുന്നു.....
പരാജയഭീതിയിൽ മനം തകരുന്നു.
പണവും ലഹരിയും വേട്ടയാടുന്നു
ഏകാന്തതതയും സൗഹൃദവും
ആത്മസംഘർഷം തീർക്കുന്നു
എല്ലാം ഭ്രാന്ത് സൃഷ്ടിക്കുന്നു...
ഈ ഒരു മാറ്റം നിനക്കുവേണ്ടിയുള്ളതാണ്
ആത്മാവിനെ തൊട്ടുണർത്തും...
നെഞ്ചിലെ ഭാരം അപ്രത്യക്ഷമാകും...
ജീവിതത്തിൽ മാറ്റം സംഭവിക്കും...
ഒരു അഡാർ അനുഭവത്തിലേക്ക്
എൻെറ ചങ്ക് ബ്രോസ് + സിസ്
നിങ്ങളെ സ്വാഗതം ചെയ്യുന്നു
ജീവിത സൗന്ദര്യത്തിലേക്ക്...

ബിജോയി ബാബു - 9A

# Lot of thanks.....


School HM – E. k. Paulose sir

Kite mistress – Rency teacher & Daisy teacher

School SITC _ Jesna teacher

All LITTLE KITES members

& to all teachers & students


TO
HONOUR &
ACKNOWLEDGE
NOTE
KINDNESS &
SERVICES...